## പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2278      06.10.2016 -ൽ മറുപടിക്ക്

### വില്ലേജ് ഓഫീസുകളുടെ നവീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.വിജയദാസ് | ശ്രീ.ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വില്ലേജ് ഓഫീസുകൾ നവീകരിച്ച് ജനസേവനം സുതാര്യമാക്കുന്നതിനും കാലതാമസം കൂടാതെ നിർവ്വഹിയ്ക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിയ്ക്കുവാനുദ്ദേശിയ്ക്കുന്നത്; വിശദവിവരം നൽകുമോ;<br>(ബി) ജനസൗഹൃദ കേന്ദ്രങ്ങളാക്കി വില്ലേജ് ഓഫീസുകളെ മാറ്റുന്നതിന് നടപടി സ്വീകരിയ്ക്കുമോ? | (എ) & (ബി) സംസ്ഥാനത്തെ വില്ലേജ് ഓഫീസുകളെ ജനസൗഹൃദ ഓഫീസുകളാക്കി മാറ്റി അവയിൽ നിന്ന് വേഗത്തിലും (Speedy) ആധുനിക രീതിയിലും (Modern) ഉറപ്പായും (Assured) ഉത്തരവാദിത്വത്തോടെയും (Responsible) സുതാര്യമായും (Transparent) സേവനങ്ങൾ നൽകുക എന്ന ഉദ്ദേശ്യത്തോടുകൂടിയാണ് സ്മാർട്ട് (SMART) റവന്യൂ ഓഫീസ് പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. ഇതനുസരിച്ച് വില്ലേജ് ഓഫീസുകളിൽ നിന്നുള്ള സേവനങ്ങൾ പൗരന് ഏത് സമയത്ത്, എവിടെവെച്ചും (Any time Anywhere) ലഭ്യമാക്കുവാനാണ് ലക്ഷ്യമിടുന്നത്. അപ്രകാരം ഇ-ഗവേണൻസ്, എം.ഗവേണൻസ് എന്നിവയുടെ സഹായത്തോടെ ജനങ്ങൾക്ക് വേഗത്തിൽ സേവനങ്ങൾ ലഭ്യമാക്കുന്ന തരത്തിൽ വില്ലേജാഫീസുകളെ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ